**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5212** **14-03-2023 - ൽ മറുപടിയ്ക്ക്**

**നടമ്മൽകടവ്, പടനിലം എന്നീ പാലങ്ങളുടെ നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സ്ഥലമെടുപ്പ് നടപടികൾ അനന്തമായി നീണ്ടുപോകുന്നത് മൂലം യഥാക്രമം 12, 5 വർഷങ്ങൾക്ക് മുമ്പ് ഭരണാനുമതി ലഭിച്ച കോഴിക്കോട് ജില്ലയിലെ നടമ്മൽകടവ്, പടനിലം എന്നീ പാലങ്ങളുടെ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നടമ്മൽ കടവ് പാലം :-<br><br>ചെറുപുഴയ്ക്ക് കുറുകെ നർമ്മൽകടവ് പാലം അനുബന്ധ റോഡ് നിർമ്മിക്കുന്നതിനായി പുത്തൂർ വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽ പെട്ട 0.2284 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 18/02/2012-ന് അർത്ഥന ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നെഗോഷിയേറ്റ് പർച്ചേസ് പ്രകാരം സമ്മതം നൽകിയ ഭൂവുടമകളുടെ കൈവശമുള്ള 0.0936 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റിക്വിസിഷൻ അതോറിറ്റിക്ക് കൈമാറുകയുണ്ടായി.<br><br>തുടർന്ന് പൊതുമരാമത്ത് വകുപ്പ് പുതുക്കിയ അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ.ഉ(സാധാ) നമ്പർ 436/2020/ആർ.ഡി തീയതി 01/02/2020 പ്രകാരം 27.11 ആർസ് ഭൂമി RFCTLARR Act, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നല്കുകയുണ്ടായി.<br><br>LARR ആക്ട് പ്രകാരം നടപടി സ്വീകരിച്ച് 11(1) വിജ്ഞാപനം 27.10.2020 ലെ കേരള അസാധാരണ ഗസറ്റ് നം. 2543 ആയി പുറപ്പെടുവിച്ചിട്ടുള്ളതും ഡി.വി.എസ് തുകയായ 25,37,466/- രൂപ അർത്ഥനാധികാരി കെട്ടി വെച്ചിട്ടുള്ളതുമാണ്.<br><br>LARR Act, 2013 സെക്ഷൻ 4(1) നോട്ടിഫിക്കേഷൻ തീയതി മുതൽ അവാർഡ് പാസ്സാക്കുന്ന തീയതി വരെയുള്ള 12% തുകയായ 3,23,966/- രൂപ കൂടി അനുവദിക്കണമെന്ന് കാണിച്ച് റിക്വിസിഷൻ അതോറിറ്റിക്ക് 28.12.2022-ന് കത്ത് നൽകിയിരുന്നെങ്കിലും പ്രസ്തുത ഫണ്ട് അനുവദിച്ചിട്ടില്ലാത്തതാണ്. എങ്കിലും ബാക്കി ഫണ്ട് ലഭ്യമാകുമെന്ന പ്രതീക്ഷയിൽ അവാർഡ് എൻക്വയറി ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അവാർഡ് പാസ്സാക്കി തുക വിതരണം ചെയ്ത് ഭൂമി അർത്ഥനാധികാരിക്ക് |

| | | | |
|---|---|---|---|
| | | | കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br><u>പടനിലം പാലം:-</u><br><br>പടനിലം പാലം നിർമാണവുമായി ബന്ധപ്പെട്ട 19(1) പ്രഖ്യാപനം 04.11.2020 ലെ കേരള അസാധാരണ ഗസറ്റ് നം. 2627 ആയി പുറപ്പെടുവിച്ചിട്ടുള്ളതും ഡി.വി.എസ് തുകയായ 1,07,94,458/- രൂപ അനുവദിക്കുന്നതിന് അർത്ഥനാധികാരിക്ക് കത്ത് നല്കിയിരുന്നുവെങ്കിലും ആയത് അനുവദിച്ചിട്ടില്ലാത്തതാണ്. 14.10.2019 മുതൽ 30.04.2023 വരെയുള്ള 12% തുകയായ 45,95,777/- രൂപ ഉൾപ്പെടെ 1,53,90,235/- രൂപ അനുവദിക്കുന്നതിന് 09.03.2023 ന് അർത്ഥനാധികാരിക്ക് കത്ത് നല്കിയിട്ടുള്ളതാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അവാർഡ് പാസ്സാക്കി സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഭരണാനുമതി ലഭിച്ചിട്ടും സ്ഥലം ഏറ്റെടുക്കാൻ കാലതാമസം നേരിട്ടതിന്റെ കാരണം വിശദമാക്കാമോ; | (ബി) | <u>നടമ്മൽ കടവ് പാലം</u> :-<br><br>ചെറുപുഴയ്ക്ക് കുറുകെ നർമ്മൽകടവ് പാലം അനുബന്ധ റോഡ് നിർമ്മിക്കുന്നതിനായി പുത്തൂർ വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽ പെട്ട 0.2284 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 18/02/2012-ന് അർത്ഥന ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നെഗോഷിയേറ്റ് പർച്ചേസ് പ്രകാരം സമ്മതം നൽകിയ ഭൂവുടമകളുടെ കൈവശമുള്ള 0.0936 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റിക്വിസിഷൻ അതോറിറ്റിക്ക് കൈമാറുകയുണ്ടായി.<br><br>തുടർന്ന് പൊതുമരാമത്ത് വകുപ്പ് പുതുക്കിയ അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ.ഉ(സാധാ) നമ്പർ 436/2020/ആർ.ഡി തീയതി 01/02/2020 പ്രകാരം 27.11 ആർസ് ഭൂമി RFCTLARR Act, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നല്കുകയുണ്ടായി.<br><br>LARR ആക്റ്റ് പ്രകാരം നടപടി സ്വീകരിച്ച് 11(1) വിജ്ഞാപനം 27.10.2020 ലെ കേരള അസാധാരണ ഗസറ്റ് നം. 2543 ആയി പുറപ്പെടുവിച്ചിട്ടുള്ളതും ഡി.വി.എസ് തുകയായ 25,37,466/- രൂപ അർത്ഥനാധികാരി കെട്ടി വെച്ചിട്ടുള്ളതുമാണ്.<br><br>LARR Act, 2013 സെക്ഷൻ 4(1) നോട്ടിഫിക്കേഷൻ തീയതി മുതൽ അവാർഡ് പാസ്സാക്കുന്ന തീയതി വരെയുള്ള 12% തുകയായ 3,23,966/- രൂപ കൂടി അനുവദിക്കണമെന്ന് കാണിച്ച് റിക്വിസിഷൻ അതോറിറ്റിക്ക് 28.12.2022-ന് കത്ത് |

| | | | |
|---|---|---|---|
| | | | നൽകിയിരുന്നെങ്കിലും പ്രസ്തുത ഫണ്ട് അനുവദിച്ചിട്ടില്ലാത്തതാണ്. എങ്കിലും ബാക്കി ഫണ്ട് ലഭ്യമാകുമെന്ന പ്രതീക്ഷയിൽ അവാർഡ് എൻക്വയറി ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അവാർഡ് പാസ്സാക്കി തുക വിതരണം ചെയ്ത് ഭൂമി അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br><u>പടനിലം പാലം:-</u><br><br>പടനിലം പാലം നിർമാണവുമായി ബന്ധപ്പെട്ട 19(1) പ്രഖ്യാപനം 04.11.2020 ലെ കേരള അസാധാരണ ഗസറ്റ് നം. 2627 ആയി പുറപ്പെടുവിച്ചിട്ടുള്ളതും ഡി.വി.എസ് തുകയായ 1,07,94,458/- രൂപ അനുവദിക്കുന്നതിന് അർത്ഥനാധികാരിക്ക് കത്ത് നല്കിയിരുന്നുവെങ്കിലും ആയത് അനുവദിച്ചിട്ടില്ലാത്തതാണ്. 14.10.2019 മുതൽ 30.04.2023 വരെയുള്ള 12% തുകയായ 45,95,777/- രൂപ ഉൾപ്പെടെ 1,53,90,235/- രൂപ അനുവദിക്കുന്നതിന് 09.03.2023 ന് അർത്ഥനാധികാരിക്ക് കത്ത് നല്കിയിട്ടുള്ളതാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അവാർഡ് പാസ്സാക്കി സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | നോട്ടിഫിക്കേഷൻ തീയതി മുതൽ പന്ത്രണ്ട് ശതമാനം പലിശ നൽകേണ്ട സാഹചര്യമുള്ളതിനാൽ ലഭ്യമായ പണം ഭൂഉടമകൾക്ക് നൽകിയാൽ സർക്കാരിന് പലിശ ബാധ്യത കുറഞ്ഞ് കിട്ടുമെന്ന സാധ്യത വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഏറ്റെടുക്കൽ നടപടിയിൽ ഭൂഉടമകൾക്ക് നൽകുന്ന മുഴുവൻ തുക തിട്ടപ്പെടുത്തി ആയത് ചട്ടപ്രകാരം അവാർഡായാണ് പാസ്സാക്കുന്നത്. പ്രസ്തുത അവാർഡ് തുകയിൽ പാർട്ട് പേയ്മെന്റ് നടത്താൻ നിയമം അനുശാസിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ